# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ . *320 25/6/2012 ൽ മറുപടിക്ക്

## സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ ഏജൻസി

ചോദ്യം

ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. എ. പ്രദീപ് കുമാർ
ശ്രീമതി. കെ.എസ്. സലീഖ
ശ്രീ.സി. കൃഷ്ണൻ:

മറുപടി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ആഭ്യന്തരവും വിജിലൻസും
വകുപ്പു മന്ത്രി

| | |
|---|---|
| (എ) ക്രമസമാധാനം പരിപാലിക്കുന്നതിൽ വീഴ്ചകൾ സംഭവിച്ചിട്ടുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ | (എ ക്രമസമാധാനം പരിപാലിക്കുന്നതിൽ വീഴ്ചകൾ സംഭവിച്ചിട്ടില്ല. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരെയും ജനമൈത്രീ പോലീസ് അടക്കമുള്ള സംവിധാനങ്ങളെയും ഉപയോഗിച്ച് വിവിധ സന്നദ്ധ സംഘടനകളുടെയും കുടുംബ യൂണിറ്റുകളുടെയും സഹകരണത്തോടെ ക്രമസമാധാനപാലനം ഫലപ്രദമായി നടത്തി വരുന്നു. ക്രമസമാധാനപാലനം കൂടുതൽ മികവുറ്റതാക്കിമാറ്റാൻ 27.12.2006 ലെ സർക്കാർ ഉത്തരവ് നം. 3069/06/ആഭ്യന്തരം പ്രകാരം ക്രമസമാധാന പോലീസ് വിഭാഗത്തിൽ നിന്നും അന്വേഷണ വിഭാഗത്തെ വേർപ്പെടുത്തുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രാരംഭ നടപടി എന്ന നിലയിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ 3 പോലീസ് സിറ്റി ജില്ലകളിൽ പ്രസ്തുത സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |

| | |
|---|---|
| (ബി) സി.ബി.ഐ മാതൃകയിൽ സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ ഏജൻസി ഏർപ്പെടുത്തണമെന്ന് തീരുമാനിച്ചിട്ടുണ്ടോ; | (ബിയും, സിയും) ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 16.02.2011 -ൽ പുറപ്പെടുവിച്ച WP(C) നം. 685/2011 -ന്റെ വിധിന്യായത്തിൽ ഡെൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ളിഷ്മെന്റ് ആക്റ്റ്, 1946 മാതൃകയിൽ സംസ്ഥാനത്തെ പോലീസ് സേനയിൽ 'സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവസ്റ്റിഗേഷൻ' എന്ന പേരിൽ ഒരു വിദഗ്ദ്ധ അന്വേഷണ വിഭാഗം രൂപീകരിക്കുന്നതിനെ സംബന്ധിച്ചു ആലോചന നടത്തുവാനും അനുയോജ്യ പരിഹാര നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ സി.ബി.ഐ മാതൃകയിൽ എസ്.ബി.ഐ (സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ) എന്ന ഒരു വിദഗ്ദ്ധ അന്വേഷണ വിഭാഗം രൂപീകരിക്കുന്ന കാര്യംസർക്കാരിന്റെ പരിഗണനയിലുണ്ട്. |
| (സി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇതിനായി പ്രത്യേക നിയമനിർമ്മാണം നടത്താനുദ്ദേശിക്കുന്നുണ്ടോ? | |

സെക്ഷൻ ഓഫീസർ